DESPATCHED
On 08/06/2020

24/02/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1269(4)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.8108/SIC-Gen 2/2015**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. മാട്ടുമ്മൽ ബാബു,
S/o. ബാലൻ,
മട്ടുമ്മൽ ഹൗസ്, പുഞ്ചക്കാട്,
പയ്യന്നൂർ പി.ഒ., കണ്ണൂർ ജില്ല – 670 307. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   പയ്യന്നൂർ നഗരസഭ,
   പയ്യന്നൂർ പി.ഒ.,
   കണ്ണൂർ.

2. അപ്പീൽ അധികാരി & സെക്രട്ടറി,
   പയ്യന്നൂർ നഗരസഭ,
   പയ്യന്നൂർ പി.ഒ., കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 29.12.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 29.01.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 25.02.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 21.03.2015 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 12.05.2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 15.05.2015 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 29.12.14ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ പയ്യന്നൂർ നഗരസഭയിലെ 23-ാം വാർഡിൽ വി.വി. സാവിത്രി, വി.വി. പ്രീത എന്നിവർ വീടു നിർമ്മാണത്തിനു സമർപ്പിച്ച പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവയുടെ പകർപ്പ് ചോദിച്ചിട്ട് ലഭിച്ചില്ല എന്നതാണു പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 07.12.18ൽ കണ്ണൂർ കളക്ടറേറ്റിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി. ടിയാൻ ഹിയറിംഗ് വേളയിൽ രേഖാമൂലം കമ്മീഷനു സമർപ്പിച്ച റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു.

"ശ്രീ. മാട്ടുമ്മൽ ബാബു എന്നവർ 31/12/2014ന് വിവരാവകാശ നിയമപ്രകാരം

ഈ ഓഫീസിൽഅപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ലഭ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ടിയാന് മറുപടി നൽകിയിരുന്നതാണ്. ടിയാൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട ബിൽഡിംഗ് പ്ലാനിന്റെ കോപ്പി നൽകുന്നതിന് മറുപടിയിൽ സാവകാശം ചോദിച്ചിരുന്നതാണ്. ബിൽഡിംഗ് ആപ്ലിക്കേഷൻ നമ്പറോ, വർഷമോ മറ്റു വിവരണങ്ങളോ അപേക്ഷയിൽ കാണിച്ചിട്ടില്ലാത്തതിനാലാണ് തെരഞ്ഞു കണ്ടുപിടിക്കുന്നതിന് സാവകാശം ചോദിച്ചത്.

പിന്നീട് മറുപടി ലഭ്യമായിട്ടില്ല എന്ന് കാണിച്ചുകൊണ്ട് ടിയാൻ അപ്പീൽ അപേക്ഷ നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഇൻഫർമേഷൻ ഓഫീസറുടെ 29/01/15ലെ മറുപടിയുടെ ഒരു പകർപ്പ് കൂടി ടിയാന്റെ മേൽവിലാസത്തിൽ അയച്ചുകൊടുത്തിട്ടുള്ളതാണ്. അപേക്ഷയിൽ പരാമർശിച്ച ശ്രീമതി പി.വി. സാവിത്രി എന്നവരെ വാർഡ് കൗണസിലറുടെ സഹായത്തോടെ കണ്ടെത്തി പെർമിറ്റ് വിവരങ്ങൾ മനസ്സിലാക്കുകയും പെർമിറ്റ് ഫയൽ കണ്ടെത്തുകയുമുണ്ടായി. ആയതു പ്രകാരം ടിയാൻ ആവശ്യപ്പെട്ട പ്ലാനിന്റെയും, പെർമിറ്റിന്റെയും കോപ്പി 24/06/2015ന് ടിയാന് അയച്ചു കൊടുത്തിട്ടുള്ളതാണെന്നും ആയത് അദ്ദേഹം കൈപ്പറ്റിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു."

3. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിക്കാരന് ഇതിനകം വിവരങ്ങൾ കിട്ടിയിട്ടുണ്ടെന്നു കമ്മീഷൻ കരുതുന്നു. ടിയാന് ഇനിയും പരാതി അവശേഷിക്കുന്നുണ്ടെങ്കിൽ, ആയത് കമ്മീഷനെ അറിയിക്കുന്നപക്ഷം, പരാതി ഹർജിയായി സ്വീകരിച്ച് കമ്മീഷൻ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

4. മേൽപറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 24-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

gk.